# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.569 29/01/2019-ൽ മറുപടിക്ക്

## വയറിംഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

| | ചോദ്യം<br>**ശ്രീ.മോൻസ് ജോസഫ്** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സർവ്വീസ് കണക്ഷനുവേണ്ടി കെ.എസ്.ഇ.ബിയിൽ സ്വീകരിച്ചു വരുന്ന ഓൺലൈൻ സംവിധാനത്തിൽ വയർമാൻമാരുടെ ഡിജിറ്റൽ സിഗ്നേച്ചർ പതിക്കുന്നതിനും ഓൺ ലൈൻ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) | പുതിയ വൈദ്യുതി കണക്ഷനായി ഓൺലൈനിലൂടെ അപേക്ഷിക്കുവാൻ ഇപ്പോൾ ലഭ്യമായിട്ടുള്ള സംവിധാനം വഴി കോൺട്രാക്ടർ, സൂപ്പർ വൈസർ, വയർമാൻ എന്നിവരുടെ ഒപ്പും സീലും ഉൾപ്പെടുത്തുന്നതിനായുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. കൂടാതെ പ്രസ്തുത സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി താരിഫ് മാറ്റൽ, അഡീഷണൽ ലോഡ് കണക്റ്റ് ചെയ്യൽ, ഉടമസ്ഥാവകാശംമാറ്റൽ, മീറ്റർ ഷിഫ്റ്റിംഗ്, ഫീസിബിലിറ്റി അപേക്ഷ തുടങ്ങിയ ആവശ്യങ്ങൾക്ക് ഓൺലൈനിലൂടെ അപേക്ഷിക്കുവാനുള്ള സംവിധാനം ഉടൻ തന്നെ ലഭ്യമാക്കുന്നതിനായി സോഫ്റ്റ് വെയറിൽ വേണ്ട മാറ്റങ്ങൾ കൊണ്ടു വരുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |
| (ബി) | സർവ്വീസ് കണക്ഷന് അപേക്ഷ സമർപ്പിച്ച് ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിന് മുമ്പായി ലൈസൻസി സുരക്ഷാ പരിശോധന കാര്യക്ഷമമായി നടത്തണമെന്ന വ്യവസ്ഥ കർശനമാക്കാൻ നടപടി സ്വീകരിക്കുമോ; സപ്ലേകോഡിൽ ഉപഭോക്താക്കൾക്ക് അനുവദിച്ച ആനുകൂല്യങ്ങൾ നിഷേധിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ നടപടി പരിശോധിക്കുമോ ; | (ബി) | കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് സെക്ഷൻ ഓഫീസുകളിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകളായാലും, online വഴി ലഭിക്കുന്ന അപേക്ഷകളായാലും കണക്ഷൻ നൽകുന്നതിന് മുമ്പായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വൈദ്യുതി കണക്ഷൻ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലത്തു പരിശോധന നടത്തി സുരക്ഷാ ഉറപ്പ് വരുത്തിയ ശേഷം മാത്രം കണക്ഷൻ നൽകണമെന്ന വ്യവസ്ഥ കർശനമായി നടപ്പിലാക്കാൻ നിർദ്ദേശം നൽകുന്നതാണ്.<br><br>കോടതിയിൽ കേസുകളോ മറ്റു തർക്കങ്ങളോ ഒന്നുമില്ലാത്ത പക്ഷം, സപ്ലൈകോഡിൽ ഉപഭോക്താക്കൾക്ക് അനുവദിച്ച ആനുകൂല്യങ്ങൾ നിഷേധിക്കാതിരിക്കാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | അനധികൃത വയറിംഗ് ക്രിമിനൽ കുറ്റങ്ങളുടെ ഗണത്തിൽപ്പെടുത്തുന്നതും, വയർമാൻമാർക്കും സൂപ്പർവൈസർ മാർക്കും അർഹിക്കുന്ന തോതിൽ കെ.എസ്.ഇ.ബി യിൽ തൊഴിൽ സംവരണം ഏർപ്പെടുത്തുന്നതും പരിഗ ണിക്കുമോ; | (സി) | നിലവിൽ വൈദ്യുതി കണക്ഷൻ നൽകുന്നത് അംഗീകൃത വയർമാന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. വയർമാൻമാർക്കും സൂപ്പർവൈസർമാർക്കും തൊഴിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | വയർമാൻമാർക്ക് സി ക്ലാസ്സ് ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസ ൻസ് അനുവദിക്കുന്നതിനുള്ള നടപടി ക്രമം വ്യക്തമാക്കാമോ; അതിനുള്ള പ്രതിസന്ധി പരിഹരിക്കുമോ? | (ഡി) | വയർമാൻമാർക്ക് സി ക്ലാസ്സ് ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസ് അനുവദി ക്കുന്നതിന് സാധാരണയായി എക്സംപ്ഷൻ കാറ്റഗറിയിൽപ്പെട്ടവർക്ക് (ITI/KGCC/Diploma പാസായവർക്ക്) വയർമാൻ പെർമിറ്റ് ലഭിച്ച് 3 വർഷത്തെയും, വയർമാൻ പരീക്ഷ പാസായി പെർമിറ്റ് ലഭിക്കുന്നവർക്ക് 5 വർഷത്തേയും പ്രായോഗിക പരിജ്ഞാനത്തിന്റെ അടിസ്ഥാന ത്തിലാണ് അപേക്ഷിക്കുവാൻ അർഹത യുള്ളത്.<br><br>ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുകളിൽ ലഭിക്കുന്ന അപേക്ഷയിൻമേൽ ഓഫീസ് മേലധികാരി അഭിമുഖം നടത്തി (ഇന്റർവ്യൂ) അപേക്ഷകന് വയറിംഗ് സംബന്ധമായ ആവശ്യം വേണ്ടുന്ന പരിജ്ഞാനങ്ങൾ തിട്ടപ്പെടുത്തി ശുപാർശ ചെയ്യുന്ന പ്രകാരം ലൈസൻസിംഗ് ബോർഡ് സെക്രട്ടറി സി ക്ലാസ്സ് ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസുകൾ അനുവദിച്ച് നൽകുക യുമാണ് പതിവ്. ഇക്കാര്യത്തിൽ നിലവിൽ പ്രതിസന്ധികളൊന്നുമില്ല.<br><br>ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ മൂലം ഉപഭോക്താവിന്റെ അവകാശങ്ങൾ ഒരു പരിധിവരെ സംരക്ഷിക്കപ്പെടുവാനും തദ്വാര വൈദ്യുത അപകടങ്ങൾ കുറയ്ക്കുവാനും സാധിക്കും. |

Apsary

സെക്ഷൻ ഓഫീസർ